**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2213** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഓണം ഫെയറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന സപ്ലൈകോ ഔട്ട്‌ലെറ്റുകളിലേക്ക് ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ബിസിനസ് പ്രമോഷന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന സപ്ലൈകോ വില്പന ശാലകളിലേക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായും ബിസിനസ് പ്രമോഷന്റെ ഭാഗമായും സപ്ലൈകോ താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br><br>**1. ഓണം സമ്മാന പദ്ധതി**<br><br>ഓണത്തോടനുബന്ധിച്ച് സപ്ലൈകോയുടെ ഉപഭോക്താക്കൾക്ക് സ്വർണ്ണ നാണയങ്ങളുൾപ്പെടെയുള്ള സമ്മാനങ്ങൾ നൽകുന്നു.<br><br>**2. സെൽഫി കോണ്ടസ്റ്റ്**<br><br>സപ്ലൈകോയുടെ ഉപഭോക്താക്കൾ സപ്ലൈകോ ശബരി ഉൽപ്പന്നങ്ങളോടൊപ്പം നിന്ന് സെൽഫിയെടുത്ത് സപ്ലൈകോയുടെ facebook അക്കൗണ്ടിൽ പങ്കുവെയ്ക്കുന്ന മത്സരം.<br><br>**3.പത്ര-മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നു.**<br><br>വിവിധ മാഗസിനുകളിലും പത്രങ്ങളിലും റേഡിയോയിലും സപ്ലൈകോയുടെ പരസ്യങ്ങൾ നൽകുന്നു.<br><br>**4. ഡിജിറ്റൽ മീഡിയ മാർക്കറ്റിംഗ്** |

ഡിജിറ്റൽ മീഡിയ മാർക്കറ്റിംഗ് മുഖേന facebook, youtube, instagram, twitter എന്നിവയിലൂടെ സപ്ലൈകോ വില്പനശാലകളുടെയും ഉല്പന്നങ്ങളുടെയും പ്രചരണം നടത്തുകയും സപ്ലൈകോയുടെ സേവനങ്ങളുടെയും മറ്റ് പദ്ധതികളുടെയും വിവരങ്ങൾ പൊതുജനങ്ങളുമായി പങ്കുവെയ്ക്കുകയും feedback അനലൈസ് ചെയ്യുകയും ചെയ്യുന്നു.

**5. സപ്ലൈകോ വെബ് സൈറ്റ്**

സപ്ലൈകോയുടെ ഔദ്യോഗിക വെബ് സൈറ്റ് കാലാനുസൃതമായി നവീകരിച്ചു. വിലനിലവാരം, സപ്ലൈകോ വില്പനശാലകളുടെ ലൊക്കേഷൻ എന്നിവ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ Feedback അറിയിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**6. പാരിതോഷികങ്ങൾ നൽകുന്നു**

കൂടുതൽ വില്പന നടത്തുന്ന സപ്ലൈകോ വില്പനശാലകൾക്ക് പാരിതോഷികം നൽകുന്നു.

**7.വിവിധ ഫെയറുകൾ സംഘടിപ്പിക്കുന്നു**

സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ഭാഗമായി ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം ജില്ലാ ഫെയറുകളും താലൂക്ക് ഫെയറുകളും ഉൾപ്പെടെ വിവിധ ഫെയറുകൾ സംഘടിപ്പിക്കുന്നു.

**8.ഞായറാഴ്ചകളിലും തുറന്ന് പ്രവർത്തിക്കുന്ന വില്പനശാലകൾ**

പൊതുജനങ്ങളുടെ സൗകര്യാർത്ഥം 83 സപ്ലൈകോ വില്പനശാലകൾ എല്ലാ ഞായറാഴ്ചകളിലും തുറന്ന് പ്രവർത്തിക്കുന്നു.

**9. സപ്ലൈകോ ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറി**

ഉപഭോക്താക്കൾ സപ്ലൈകേരള എന്ന ഓൺലൈൻ ആപ്പ് മുഖേന നൽകുന്ന ഓർഡറുകൾ സ്വീകരിച്ച് ഓർഡർ പ്രകാരമുള്ള സാധനങ്ങൾ ഉപഭോക്താവിന്റെ

| | | | |
|---|---|---|---|
| | | | വീട്ടുപടിക്കൽ എത്തിച്ചു നൽകുന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | ഓണം വിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിന്റെ ഭാഗമായി ഓണം ഫെയറുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; നഗരങ്ങൾ കേന്ദ്രീകരിച്ച് മെട്രോ ഫെയറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഓണം വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. 2022 - ലെ ഓണത്തിന് സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ കൂടുതൽ അളവിൽ ന്യായവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുമുണ്ട്.<br><br>മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ 75 താലൂക്ക് ഫെയറുകൾ, 51 ഓണം മാർക്കറ്റുകൾ എന്നിവയിലൂടെ, പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.<br><br>സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തുന്നതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്കും അനാഥാലയം, അഗതിമന്ദിരം തുടങ്ങിയ സ്ഥാപനങ്ങൾക്കും ഓണക്കാലത്ത് പ്രത്യേകമായി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | 2022 ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ മുഖേന സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുവാനും, ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെൻഡേഴ്സിന് ആധാർ പരിശോധന നടത്തി ഉറപ്പു വരുത്തിയ ശേഷം മേൽപ്രകാരമുള്ള സൗജന്യ ഭക്ഷ്യക്കിറ്റ് നൽകുന്നതിനും സപ്ലൈകോയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.08.2022 ലെ സ.ഉ. (സാധാ)നം.309/2022/F&CS പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത കിറ്റ് തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ